# പത്രക്കുറിപ്പ്

## രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡ് - 2018 അപേക്ഷ ക്ഷണിക്കുന്നു.

2018 -ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന്, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും, 3 വർഷത്തെ പ്രവർത്തന പരിചയവുമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. വിശദ വിവരങ്ങൾ ഉപഭോക്തൃകാര്യ വകുപ്പ്, പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ കളക്ടറേറ്റുകൾ, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ 30-10-2019, വൈകിട്ട് 5 മണിയ്ക്ക് മുൻപ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

കഴിഞ്ഞ വർഷം ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നിശ്ചയിച്ചായിരിക്കും അവാർഡ് നിർണയം നടത്തുക.

| | |
|---|---|
| സെമിനാറുകൾ, പ്രസിദ്ധീകരിച്ച മാഗസിനുകൾ, ലഘുലേഖകൾ,കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉൽപ്പന്ന പരിശോധനകൾ. | ഓരോന്നിനും ഒരു പോയിന്റ് വീതം |
| ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിൽ ഫയൽ ചെയ്ത കേസുകൾ. | ഓരോന്നിനും രണ്ട് പോയിന്റ് വീതം. |
| സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഫയൽ ചെയ്ത കേസുകൾ, ഫോറങ്ങൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ, പ്രസിദ്ധീകരിച്ച പുസ്തകം. | ഓരോന്നിനും അഞ്ച് പോയിന്റ് വീതം |

തിരുവനന്തപുരം,
20-09-2019.